പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ .4881

04.07.2012-ൽ മറുപടിക്ക്

# മത്സ്യത്തൊഴിലാളി സുരക്ഷയിൽ ഏജൻസികളുടെ ഏകോപനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. വി.പി. സജീന്ദ്രൻ**<br>,, വി.റ്റി. ബൽറാം<br>,, എ.റ്റി. ജോർജ്<br>,, സി.പി. മുഹമ്മദ് | | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | **കടലിൽ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;** | (എ) | **കടലിൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിനായി 'സേഫ്റ്റി ഓഫ് ഫിഷർമെൻ അറ്റ് സീ' എന്ന പദ്ധതിയിലൂടെ ഏകദേശം 600 മത്സ്യബന്ധന യൂണിറ്റുകൾക്ക് കടൽ സുരക്ഷാ ഉപകരണങ്ങളായ ജി.പി.എസ്,റേഡിയോ-ബീക്കൺ, എക്കോസൗണ്ടർ ,വി.എച്ച്.എഫ് മറൈൻ റേഡിയോ,എ.ഐ.എസ്.(Automatic Identification System) മുതലായവ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. TEAP,TRP,PMNRF എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 7262 സുരക്ഷാ കിറ്റുകൾ പരമ്പരാഗത/ മോട്ടോറൈസ്ഡ് യാനങ്ങൾക്ക് നൽകിയിട്ടുണ്ട്. ടി കിറ്റിൽ ബീക്കൺ, റഡാർ റിഫ്ളക്ടർ,ലൈഫ് ബോയ്,കോംമ്പസ്,ഫിഷിംഗ് കം എമർജൻസി ഫ്ളാഷ് ലൈറ്റ്,ഹീലിയോ ഗ്രാഫ്,ഫസ്റ്റ് എയ്ഡ് കിറ്റ്,വൈറ്റമിൻ ബിസ്കറ്റ്, ജാക്ക് നൈഫ്, കന്നാസ് (20 ലിറ്റർ) എന്നീ ഉപകരണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.** |
| (ബി) | **മത്സ്യബന്ധനയാനങ്ങളിൽ വിവര വിനിമയത്തിനും ദിശാനിർണ്ണയത്തിനുമുള്ള ഉപകരണങ്ങൾ സ്ഥാപിക്കണമെന്ന നിബന്ധനകൾ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ;** | (ബി) | **പരിഗണിക്കാവുന്നതാണ്.** |

| | | | |
|---|---|---|---|
| (സി) | ഫിഷറീസ് വകുപ്പ് സൗജന്യമായി വിതരണം ചെയ്യുന്ന ബീക്കൺ ലൈറ്റുകൾ മത്സ്യബന്ധന ബോട്ടുകളിൽ ഉപയോഗിക്കണമെന്ന നിർദ്ദേശം കർശനമായി നടപ്പാക്കുമോ; | (സി) | മത്സ്യബന്ധനത്തിലേർപ്പെടുന്നവർ ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ യാനങ്ങളിൽ സൂക്ഷിക്കണമെന്നും ഫിഷറീസ് വകുപ്പിൽ നിന്നും നൽകിയ ബീക്കണുകൾ ആവശ്യമായ സന്ദർഭങ്ങളിൽ ഉപയോഗിക്കേണ്ടതാണെന്നും മത്സ്യത്തൊഴിലാളികൾക്ക് ആയത് വിതരണം ചെയ്യു സമയത്ത് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | മത്സ്യത്തൊഴിലാളികളുടെയും മത്സ്യബന്ധനയാനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന് വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | നിലവിൽ ഫിഷറീസ് വകുപ്പിൽ വിഴിഞ്ഞം,നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ സഹായത്തോടെയാണ് കടൽ രക്ഷാ പ്രവർത്തനം നടത്തി വരുന്നത്. കൂടാതെ അടിയന്തിര സന്ദർഭങ്ങളിൽ കോസ്റ്റ്ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവയുടെ സേവനവും ഉപയോഗപ്പെടുത്തുന്നുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ